ISSUE: 137 www.keralacartoonacademy.com KCA weekly E-news bulletin ● Dated 27-07-2026

KERALA CARTOON ACADEMY

# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക

**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad

**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon

**KCA Icon**
Anjan Sathish
Suresh Eriyat


## ഡൽഹി യാത്രയ്ക്ക് രജിസ്റ്റർ ചെയ്തവരുടെ അറിവിലേക്ക്



ചില സാങ്കേതിക കാരണങ്ങളാൽ ഡൽഹി യാത്ര റദ്ദാക്കിയ വിവരം അറിയിക്കുന്നു. ഡൽഹി യാത്രയ്ക്കായി രജിസ്റ്റർ ചെയ്ത വകയിൽ നൽകിയ ആയിരം രൂപ എല്ലാവർക്കും മടക്കി നൽകുന്നതിന് ഇരുപത്തിരണ്ടാം തീയതി നടന്ന നിർവാഹക സമിതി തീരുമാനിച്ചിട്ടുണ്ട്. തുക മട ക്കി നൽകുന്നതിനായി താങ്കളുടെ ബാങ്ക് വിവരങ്ങൾ ഐ.എഫ് എസ്.സി. നമ്പർ അടക്കം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ●

**ഹരീഷ് മോഹൻ**
*കോഡിനേറ്റർ, കേരള കാർട്ടൂൺ അക്കാദമി (ഡൽഹി യാത്ര*

## കാർട്ടൂണിസ്റ്റ് ശങ്കറിന്റെ 124–ാം ജൻമദിന ആഘോഷം



കാർട്ടൂണിസ്റ്റ് ശങ്കറിന്റെ 124–ാം ജൻമദിന ആഘോഷവും ഒരുവർഷം നീളുന്ന 125–ാം ജൻമദിന ആഘോഷങ്ങൾക്കും 2026 ജൂലൈ 30, 31 തിയതികളിൽ കായംകുളത്തുള്ള ശങ്കർ സ്മാരക മ്യൂസിയത്തിൽ നടക്കും. സാംസ്കാരിക വകുപ്പാണ് സംഘാടകർ. കുട്ടികൾക്കായുള്ള കാർട്ടൂൺ ശിൽപ്പശാലയും മത്സരവും പരിപാടിയുടെ ഭാഗമായി നടക്കും. ●

## www.keralacartoonacademy.com

കേരള കാർട്ടൂൺ അക്കാദമിയുടെ പുതിയ വെബ്സൈറ്റിൽ എല്ലാ അംഗങ്ങളുടേയും വിവരങ്ങൾ ചേർത്തിട്ടുണ്ട്. അക്കാദമിയുടെ ചരിത്രം, അംഗങ്ങളെ കുറിച്ചും, മൺമറഞ്ഞ കാർട്ടൂണിസ്റ്റുകളെക്കുറിച്ചുമുള്ള വിവരങ്ങൾ, അക്കാദമി സംഘടിപ്പിക്കുന്ന പരിപാടികൾ, മുൻകാലങ്ങളിൽ നടത്തിയ പരിപാടികളുടെ വിവരണങ്ങളും ചിത്രങ്ങളും, പുതിയ അംഗത്വം എടുക്കുന്നതിനായി ഉള്ള അപേക്ഷ ലിങ്ക് തുടങ്ങി അക്കാദമിയുടെ എല്ലാവിധ പ്രവർത്തനങ്ങളും സംബന്ധിച്ച ഒരു സമഗ്രമായ പോർട്ടൽ ആണ് ഒരുക്കിയിട്ടുള്ളത്. എല്ലാ

അംഗങ്ങളും ഈ വെബ്സൈറ്റ് സന്ദർശിച്ച് വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകണമെന്നും അപേക്ഷിക്കുന്നു. അംഗങ്ങളെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ചേർക്കണമെന്ന് താത്പര്യമുള്ളവർ അത് തയ്യാറാക്കി അക്കാദമി വൈസ് ചെയർമാൻ അനൂപ് രാധാകൃഷ്ണന് അയച്ച് കൊടുക്കുക. ●
(അനൂപ് രാധാകൃഷ്ണന്റെ ഇമെയിൽ വിലാസം: anoopamartya@gmail.com ഫോൺ: +919995351564)
പുതിയ വെബ്സൈറ്റിന്റെ ലിങ്ക് : www.keralacartoonacademy.com

## പുസ്തക പരിചയം




# ശങ്കർ വരയുടെ പുനർവായന

പ്രിയദർശിനി പബ്ളിക്കേഷൻസ്
എഡിറ്റർ : സുധീർ നാഥ്

**മലയാളികൾക്ക്** എന്നും അഭിമാനിക്കാം കാർട്ടൂണിസ്റ്റ് ശങ്കർ എന്ന മഹാൻ കായംകുളത്തുകാരനാണെന്നതിന്. ഇന്ത്യൻ പൊളിറ്റിക്കൽ കാർട്ടൂണിന്റെ പിതാവായ ശങ്കറിന്റെ ബ്രഷിൽ വരച്ച വരയിൽ ഇന്ത്യയിലെ നേതാക്കൾ ആനന്ദ നൃത്തമാടി. ശങ്കറിന്റെ തണൽപറ്റി എത്രയോ കാർട്ടൂണിസ്റ്റുകൾ പിൽക്കാലത്ത് പ്രശസ്തരായി. ഇന്ത്യയുടെ ഏറ്റവും ഉയർന്ന സിവിലിയൻ ബഹുമതി നൽകിയാണ് ശങ്കറെ ഇന്ത്യ ആദരിച്ചത്.

ശങ്കർ എന്ന മഹാനായ കാർട്ടൂണിസ്റ്റിന്റെ ഓർമ്മകൾ നിലനിർത്താൻ കേരളത്തിലെ കാർട്ടൂൺ സമൂഹമെന്നല്ല ഇന്ത്യൻ കാർട്ടൂൺ സമൂഹം കടപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെയാണ് ഇന്ത്യൻ കാർട്ടൂണിസ്റ്റുകളുടെ അഭിമാനമായിമാറിയ കേരളത്തിലെ കാർട്ടൂൺ അക്കാദമി സമയാസമയങ്ങളിൽ ഓർമ്മപ്പെടുത്തലുകളായി സമൂഹത്തിനിടയിൽ എത്തപ്പെടുന്നത്. ശങ്കറിന്റെ ഓർമ്മയ്ക്കായി തപാൽ സ്റ്റാമ്പ് പുറത്തിറക്കുന്നതിനും ശങ്കറിന്റെ ജന്മശതാബ്ദി ആഘോഷിക്കുന്നതിനും കേരള കാർട്ടൂൺ അക്കാദമി നടത്തിയ പങ്ക് ഈ അവസരത്തിൽ ഓർക്കേണ്ടതാണ്.

കാർട്ടൂണിസ്റ്റ് ശങ്കറിനെ കുറിച്ച് പല പുസ്തകങ്ങളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ശങ്കറിന്റെ വരയുടെ ലോകം പരിചയപ്പെടുത്തുന്ന പുസ്തകങ്ങളാണ് എല്ലാം തന്നെ. കാർട്ടൂൺകലയുടെ കുലപതിയെ പൂർണ്ണമായി വിശകലനം ചെയ്യപ്പെട്ടിട്ടില്ല എന്ന തിരിച്ചറിവാണ് ഈ പുസ്തകം പ്രസിദ്ധീകരിക്കാൻ ഞങ്ങൾക്ക് പ്രേരകമായതെന്ന് പ്രിയദർശിനി പബ്ളിക്കേഷൻസ് ചെയർമാൻ രമേശ് ചെന്നിത്തല ആമുഖമായി പറയുന്നു. ശങ്കർ വരയുടെ പുനർവായന എന്ന പുസ്തകത്തിൽ ശങ്കറിന്റെ പ്രവൃത്തിമണ്ഡലവും ജീവിതവും വരച്ചിടുകയാണ്. കാർട്ടൂണിസ്റ്റ് സുധീർ നാഥാണ് പുസ്തകത്തിന്റെ എഡിറ്റർ. ശങ്കറോടൊപ്പം പ്രവൃത്തിച്ചവരും ശങ്കറിന്റെ വരകൾ ആഴത്തിൽ പഠിച്ചവരുമാണ് ഈ പുസ്തകത്തിൽ ശങ്കറിനെ ഓർക്കുന്നതും വിമർശിക്കുന്നതും. ശങ്കറോടൊപ്പം ജോലിനോക്കിയവരും മൺമറഞ്ഞവരും പലപ്പോഴായി എഴുതിയ ലേഖനങ്ങളും ഓർമ്മക്കുറിപ്പുകളും, ഒപ്പം ശങ്കറിന്റെ അനശ്വര രേഖകളും ഇവിടെ സംഗമിക്കുകയാണ്. ശങ്കറിന്റെ ശിഷ്യൻമാരായ കുട്ടി, ഒ.വി.വിജയൻ, കേരളവർമ്മ, സാമുവൽ, യേശുദാസൻ, സുകുമാർ, പി.വി.കൃഷ്ണൻ, ജി.ഹരി, പ്രസന്നൻ ആനിക്കാട് തുടങ്ങി ഒരു നിര കാർട്ടൂണിസ്റ്റുകളും ശങ്കറിനെ അടുത്തറിയുകയും കൂടെ പ്രവർത്തി ക്കുകയും ചെയ്ത സി.ജി.ആർ കുറുപ്പ്, കെ.രാമകൃഷ്ണൻ, ഡി. വിജയമോഹൻ തുടങ്ങിയവരുടെ ലേഖനങ്ങൾ പുസ്തകത്തിലുണ്ട്. ●